പ്രൈവറ്റ് രജിസ്ട്രേഷൻ ക്രമേണ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ എന്തൊക്കെ നടപടി സ്വീകരിക്കണമെന്നും അതിനിടയിൽ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് എന്തെല്ലാം ചെയ്യണമെന്നും അതിനുവേണ്ടി വരുന്ന സാമ്പത്തിക ബാദ്ധ്യത എന്തുമാത്രമായിരിക്കുമെന്നും കമ്മീഷൻ അന്വേഷിക്കും. രണ്ടുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്.

2. പ്രൈവറ്റ് രജിസ്ട്രേഷനുള്ള ഫീസ് ഏകീകരിക്കണമെന്ന നിർദ്ദേശം കേരളാ-കോഴിക്കോട് സർവകലാശാലകളുടെ പരിഗണനയ്ക്ക് അയയ്ക്കാമെന്നും ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്.

(സി) ഈക്കാര്യം ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ അറിയുവാൻ നിർവാഹമുള്ളൂ.

സൈലന്റുവാലി പദ്ധതി സംബന്ധിച്ച കേന്ദ്രനിർദ്ദേശം

* 132 [141] ശ്രീ. ലോനപ്പൻ നമ്പാടൻ:

,, സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ്വാലി പദ്ധതി പുനഃപരിശോധന നടത്തണമെന്നു പ്രധാനമന്ത്രി മുഖ്യമന്ത്രിക്കു എഴുതിയിട്ടുണ്ടോ;

(ബി) മുൻപ്രധാനമന്ത്രി പദ്ധതിയുമായി മുന്നോട്ടു പോകാൻ എഴുതിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയെ തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ ആരെങ്കിലും കേസ് ഫയൽ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ഇക്കാര്യം ചർച്ച ചെയ്യണമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേസ് ഫയൽ ചെയ്തിട്ടുണ്ട്.

കൺസൾട്ടേറ്റീവ് കമ്മിറ്റികൾ

* 133 [143] ശ്രീ. എം. വി. മാണി:

,, ഈപ്പൻ കണ്ടക്കുടി:

ഡോ: ജോർജ്ജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മന്ത്രികാര്യാലയങ്ങളോടനുബന്ധിച്ച് കൺസൾട്ടേറ്റീവ് കമ്മിറ്റികൾ നിലവിലുണ്ട്;

(ബി) ഒരിക്കൽപോലും സമ്മേളിക്കാത്ത കൺസൾട്ടേറ്റീവ് കമ്മിറ്റികൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെയുള്ള കമ്മിറ്റികൾ പിരിച്ചുകൂട്ടണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly